പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2056 — 07.03.2017 -ൽ മറുപടിക്ക്.

## സാധനങ്ങളുടെ വില ഏകീകരിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.സി. കൃഷ്ണൻ**

(എ) സംസ്ഥാനത്ത് ഒരേ സാധനങ്ങൾക്ക് വിവിധ തരത്തിലുള്ള വിലകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സംവിധാനമില്ലെങ്കിൽ ആയവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ), (ബി) & (സി) ചില സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ സാധനങ്ങൾക്ക് അവയുടെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ ഉപഭോക്താക്കൾ കാണത്തക്ക വിധം വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുകയും അത് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishment) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വില വിവരപ്പട്ടികയിൽ പ്രദർശിപ്പിക്കുന്നതിനെക്കാൾ അധിക വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽ നിന്ന് ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും അവിടെ നിന്ന് വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ കാര്യ മന്ത്രാലയത്തിന്റെ സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടുതലായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തി നടപടി സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ